ശത്ത് മുള, ചൂരൽ, ഈറ്റ എന്നിവ വളർത്തുക, 1800 ഹെക്ടറിൽ തേക്ക് തോട്ടങ്ങളും 3700 ഹെക്ടറിൽ പൾപ്പ്വുഡ് തോട്ടങ്ങളും വളർത്തുക മുതലായ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

2) പരിഹാര ബദൽ വനവൽക്കരണം :

28588 ഹെക്ടർ കൈയ്യേറ്റ വനഭൂമിക്ക് പട്ടയം നൽകുന്നതിന്റെ മുന്നോടിയായി 57180 ഹെക്ടർ പ്രക്ഷീണ വനത്തിൽ നടത്തുന്ന വനവൽക്കരണമാണിത്. 1994-95-ൽ തുടങ്ങിയ ഈ പദ്ധതിയിൽ ഇതേവരെ 34540 ഹെക്ടറിൽ വനവൽക്കരണം നടത്തുകയും 36.01 കോടി രൂപ ചെലവാക്കുകയും ചെയ്തു.

3) സംയോജിത വനവൽക്കരണം :

100% കേന്ദ്ര സഹായത്തോടെ വനവൽക്കരണം, മണ്ണ് സംരക്ഷണം, ജലസംരക്ഷണം, സംയുക്ത വനപരിപാലനം എന്നിവ ചേർത്ത് വാട്ടർ ഷെഡുകളുടെ സമഗ്രവികസനമാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. 1997-98 മുതൽ 5 വർഷം കൊണ്ട് നടപ്പാക്കുന്നതാണ് പദ്ധതി. ഇതുവരെ 4631 ഹെക്ടർ വനഭൂമിയിൽ വനവൽക്കരണം നടത്തിയത് വഴി ആകെ 3.110 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) നാശോന്മുഖമായ വനങ്ങളുടെ വനവൽക്കരണ പരിപാടിക്ക് ഇതുവരെയായി ചെലവഴിച്ച തുകയുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു:

വർഷം	*പരിഹാര വനവൽക്കരണ പദ്ധതി*	*കേരള ഫോറസ്ട്രി പ്രോജക്ട്*	*സംയോജിത വനവൽക്കരണ പരിസ്ഥിതി വികസന പദ്ധതി*
1994-95	393.11	--	--
1995-96	759.60	--	--
1996-97	647.03	--	--
1997-98	803.89	--	43.54
1998-99	998.29	358.26	267.63

41 (3366) വനംവകുപ്പിന്റെ വിവിധ പദ്ധതികൾ

ശ്രീ. സി. മൊയീൻകുട്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊടുവള്ളി നിയോജക മണ്ഡലത്തിൽ 1998-99 വർഷം വനം വകുപ്പിന്റെ കീഴിൽ ഏതെങ്കിലും പദ്ധതികളോ പരിപാടികളോ നടക്കുകയുണ്ടായോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ അവ ഏതൊക്കെയെന്നും ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും വ്യക്തമാക്കുമോ;

(സി) 1999-2000 വർഷത്തിൽ കൊടുവള്ളി മണ്ഡലത്തിൽ വനം വകുപ്പിന്റെ കീഴിലുള്ള എന്തൊക്കെ പരിപാടികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്;

(ഡി) വിശദവിവരം വെളിപ്പെടുത്തുമോ;

ഉത്തരം

(എ)&(ബി)കൊടുവള്ളി നിയോജക മണ്ഡലത്തിൽ 1998-99-ൽ വനം വകുപ്പിന്റെ കീഴിൽ പരിപാടികളൊന്നും നടത്തിയിട്ടില്ല.

(സി)&(ഡി) 1999-2000 വർഷത്തിൽ കൊടുവള്ളി നിയോജക മണ്ഡലത്തിൽ വനം വകുപ്പിന്റെ കീഴിൽ പ്രത്യേക പരിപാടികളൊന്നും നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടില്ല.

42 (3367) കാട്ടുവള്ളിയുടെ മറവിൽ മരംമുറി

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂന്നാർ ഡിവിഷനിൽ കാട്ടുവള്ളിക്ക് പാസ്സ് നൽകുന്നതിന്റെ മറവിൽ മരങ്ങളാകാൻ സാദ്ധ്യതയുള്ളതും മുറിച്ചാൽ നശിച്ചുപോകുന്നതുമായ മരങ്ങൾ വ്യാപകമായി കടത്തിക്കൊണ്ടുപോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് ഏതെങ്കിലും റെയ്ഞ്ചിൽ കേസ് ചാർജ് ചെയ്തിട്ടുണ്ടോ;

(സി) എങ്കിൽ ഇത് സംബന്ധിച്ച് എത്ര കേസുകൾ ചാർജ്ജ് ചെയ്തിട്ടുണ്ട്;

(ഡി) കാട്ടുവള്ളിയുടെ മറവിൽ മരങ്ങൾ മുറിച്ചുകൊണ്ടുപോയതിന് പിടിച്ച വാഹനങ്ങൾ മൂന്നാർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ വിട്ടുകൊടുത്തിട്ടുണ്ടോ;

(ഇ) മൂന്നാർ ഡിവിഷനിലെ ദേവികുളം, മൂന്നാർ, നേര്യമംഗലം, അടിമാലി റെയ്ഞ്ചുകളിൽ നിന്നും 1-1-97 മുതൽ കാട്ടുവള്ളി കടത്തിക്കൊണ്ടുപോകുന്നതിന് നൽകിയിട്ടുള്ള പാസ്സുകളുടെ വിശദവിവരം നൽകുമോ?

ഉത്തരം

(എ) ഇല്ല.

(ബി)-(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) മൂന്നാർ ഡിവിഷനിലെ നേര്യമംഗലം റെയ്ഞ്ചിൽ നിന്നും 50 തലച്ചുമട് കാട്ടുവള്ളി ശേഖരിച്ചുകൊണ്ടുപോകുന്നതിന് 17-5-99-ന് 37/99-2000 നമ്പരായി റെയ്ഞ്ചോഫീസർ സീനിയറേജ് വില ഈടാക്കികൊണ്ട് ശ്രീമതി ക്ലാരി എബ്രഹാം, മുണ്ടക്കൽ, വടക്കോട്ടു കൊച്ചി എന്നയാൾക്ക് പാസ്സ് നൽകിയിട്ടുണ്ട്. വേറെ പാസ്സുകളൊന്നും നൽകിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly